بسم اللہ الرحمن الرحیم ○ نحمدہ ونصلی علیٰ رسولہ الکریم ○ وعلیٰ عبدہ المسیح الموعود

ഖുത്ബ നമ്പർ
**39**
**27-09-2013**

## ജുമുഅ ഖുത്ബ
## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایدہ اللہ تعالیٰ بنصرہ العزیز

വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ

# ഇന്തോനേഷ്യയിലെ അഹ്മദികളുടെ ത്യാഗങ്ങൾ

ഈ പ്രദേശത്തെ അഹ്മദികളെ കാണാനുള്ള ഭാഗ്യം ഒരിക്കൽ കൂടി എനിക്ക് നൽകി എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. മലേഷ്യ, ഇന്ത്യോനേഷ്യ എന്നിവിടങ്ങളിൽ എനിക്ക് പര്യടനം നടത്താൻ പറ്റിയ അവസ്ഥയല്ല ഇപ്പോഴുള്ളത്. ആ പ്രദേശങ്ങളിലെ അഹ്മദികളെ കാണാനുള്ള അവസരം അല്ലാഹു ഒരുക്കുന്ന സ്ഥലം സിങ്കപ്പൂരാണ്. ആ പ്രദേശങ്ങളിലും പോകാനും ജമാഅത്തിന് അവിടങ്ങളിൽ സ്വതന്ത്രമായി പ്രവർത്തിക്കാനും കാലത്തിന്റെ ഖലീഫക്ക് ആ പ്രദേശങ്ങളിൽ യാതൊരു തടസ്സവുമില്ലാതെ സന്ദർശിക്കുന്നതിനും അല്ലാഹു വേഗം സൗകര്യം ഒരുക്കുമാറാകട്ടെ.

ഇപ്രാവശ്യം ഇന്ത്യോനേഷ്യയിൽ നിന്നും മലേഷ്യയിൽ നിന്നും മുവ്വായിരത്തിൽ കൂടുതൽ അഹ്മദികൾ വന്നിട്ടുണ്ട്. കൂടുതലും ഇന്ത്യോനേഷ്യയിൽ നിന്നാണ്. ഇതു കൂടാതെ തായിലാന്റ്, ബർമ്മ, ഫിലിപ്പൈയിൻ, മ്യാന്മാർ എന്നീ സ്ഥലങ്ങളിൽ നിന്നും വന്നിട്ടുണ്ട്. ചില അനഹ്മദികളും വന്നിട്ടുണ്ട്. കൂടിക്കാഴ്ച്ച നടത്തുവാനുള്ള അവസരം ഒരുക്കി എന്നത് അല്ലാഹുവിന്റെ പ്രത്യേക കാരുണ്യമാണ്. ഈ പ്രദേശങ്ങളിൽ ഇന്ത്യോനേഷ്യയിലാണ് അഹ്മദിയ്യത്തിന്റെ പേരിൽ ഏറ്റവും കൂടുതൽ അഹ്മദികൾ മർദ്ദനത്തിന് ഇരയായിക്കൊണ്ടിരിക്കുന്നത്. അവിടെ ചില ശഹാദത്തുകളും നടന്നിട്ടുണ്ട്. ഗവൺമെന്റിന്റെ ഉദ്യോഗസ്ഥരുടെ കൺമുമ്പിലാണ് ഈ ഹീനകൃത്യങ്ങളെല്ലാം നടന്നത്. ഒരു പ്രാവശ്യം ഇത് സംഭവിച്ചതിനു ശേഷം ഇത് നിന്നു പോയിട്ടില്ല. നടന്നു കൊണ്ടിരിക്കുന്നു.

ഏഴു വർഷം മുമ്പാണ് ഞാനിവിടെ വന്നിരുന്നത്. അതിനു മുമ്പും ഇന്ത്യോനേഷ്യയിൽ അഹ്മദികൾക്കെതിരിൽ മർദ്ദനങ്ങൾ അഴിച്ചു വിട്ടിരുന്നു. പള്ളികൾ ആക്രമിക്കപ്പെട്ടു. തല്ലിത്തകർക്കുകയുണ്ടായി. ജമാഅത്തിന്റെ വസ്തുക്കൾ നശിപ്പിക്കപ്പെടുകയും ചെയ്തു. അഹ്മദികൾ ആക്രമിക്കപ്പെട്ടു. ജീവനും മുതലും നഷ്ടപ്പെടുക്കയുണ്ടായി. അതിനു ശേഷം ശത്രുത വർദ്ധിച്ചുകൊണ്ടേയിരുന്നു. ജീവന്നും മുതലിനും നഷ്ടം സംഭവിച്ചുകൊണ്ടേ ഇരുന്നു. പോലീസുകാരുടെ മേൽനോട്ടത്തിൽ അഹ്മദികളെ അതിക്രൂരവും മൃഗീയവുമായ രീതിയിൽ ശഹീദാക്കപ്പെട്ടത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. വളരെ ക്രൂരമായ ആക്രമണമായിരുന്നു അത്. നീതി ബോധമുള്ള അവിടത്തെ പ്രാദേശിക മീഡിയ പോലും ഈ സംഭവത്തെ അപലപിക്കുകയുണ്ടായി.

വാർത്താ മാധ്യമങ്ങൾ മുഖേന ഇന്ന് ലോകം വളരെ ചുരുങ്ങിയിരിക്കുന്നു. ഇവിടെ നടന്ന ക്രൂരകൃത്യം ഉടനടി ലോകം മുഴുവനും പ്രചരിക്കുകയുണ്ടായി. ലോകജനതയുടെ മുമ്പാകെ അതിന്റെ യഥാർത്ഥ ചിത്രം വെളിപ്പെട്ടു. ലോകം ഇതിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങി. ഇതിനെതിരിൽ പ്രതിഷേധമിരമ്പി. ജമാഅത്തിനെതിരിൽ നടന്ന ഈ ക്രൂരമായ അക്രമത്തെ പ്രതിഷേധിച്ച എല്ലാ സ്ഥാപനങ്ങൾക്കും മാധ്യമങ്ങൾക്കും ഞങ്ങൾ നന്ദി രേഖപ്പെടുത്തുകയാണ്.

ജമാഅത്തിനുമേൽ നടത്തപ്പെടുന്ന മർദ്ദനങ്ങൾക്കു പകരമായി അല്ലാഹു നല്ല പ്രതിഫലങ്ങളും ഇതു മുഖേന നൽകാറുണ്ട്. ഇന്ത്യോനേഷ്യയിൽ അഹ്മദികൾ അക്രമിക്കപ്പെട്ട കാരണം ലോകത്ത് അഹ്മദിയ്യത്ത് വളരെ വിപുലമായ രീതിയിൽ അറിയപ്പെടുകയുണ്ടായി. മൂന്ന് അഹ്മദികളെ ശഹീദാക്കുന്ന രംഗത്തിന്റെ വീഡിയോ ആഫ്രിക്കയിലെ അതിവിദൂര പ്രദേശത്ത് കാണിക്കപ്പെട്ടപ്പോൾ അവിടത്തെ പ്രസിദ്ധനായ ഒരു പൺഡിതൻ പറഞ്ഞത് ഈ രീതിയിൽ അക്രമത്തിന് ഇരയാകുന്നവർ മുഅ്മിനീങ്ങൾ മാത്രമായിരിക്കും. അതിനാൽ ഞാൻ ഇന്ന് അഹ്മദിയ്യത്ത് സ്വീകരിക്കുകയാണ്. ഈ മർദ്ദനം കാരണം ഇന്ത്യോനേഷ്യയിൽ മാത്രമല്ല ബൈഅത്തുകൾ നടന്നിട്ടുള്ളത് ലോകത്തുള്ള പല പ്രദേശങ്ങളിലും ബൈഅത്തുകൾ നടന്നിട്ടുണ്ട്.

പാക്കിസ്ഥാനു ശേഷം ഇന്ത്യോനേഷ്യയിലാണ് ആക്രമണങ്ങളുടെയും മർദ്ദനങ്ങളുടെയും കദന കഥകൾ രചിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. മൃഗീയമായ രീതിയിലാണ് അഹ്മദികൾ മർദ്ദനത്തിന് അവിടെ ഇരയായിക്കൊണ്ടിരിക്കുന്നത്. ഇന്ത്യോനേഷ്യയിൽ ഇപ്പോൾ അൽപം കുറവ് വന്നിട്ടുണ്ട്. എന്നാൽ പാക്കിസ്ഥാനിൽ ഇടതടവില്ലാതെ ഈ പ്രവർത്തി നടന്നു കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെയും റസൂൽ(സ)ന്റെയും നാമത്തിലാണ് ഈ അക്രമം ചെയ്തു കൊണ്ടിരിക്കുന്നത്. സൃഷ്ടികളുടെ കടമകൾ നിറവേറ്റണം എന്ന അധ്യാപനം നൽകുന്ന അല്ലാഹുവിന്റെ പേരിലാണ് ഈ ക്രൂര കൃത്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്. മുസ്‌ലീംകൾക്ക് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അധ്യാപനങ്ങൾ നൽകുന്ന അല്ലാഹുവിന്റെ പേരിലാണ് ഈ കൊടും ക്രൂരതകൾ ചെയ്യപ്പെടു ന്നത്. മാനവലോകത്തിന് കാരുണ്യവാനായി വന്ന പ്രവാചകന്റെ പേരിലാണ് ഈ മർദ്ദനങ്ങൾ അഴിച്ചു വിടുന്നത്. യുദ്ധവേളയിൽ പോലും അതിക്രമം പ്രവർത്തിക്കരുതെന്ന് പഠിപ്പിച്ച പ്രവാചകന്റെ പേരിലാണ് ഇതെല്ലാം ഇവർ ചെയ്യുന്നത്. കലിമ ചൊല്ലിയ ഒരു വ്യക്തിയെ വധിച്ച കാരണത്താൽ ആ പ്രവാചകൻ തന്റെ ഒരു സഹാബിയോട് വളരെയധികം കോപിക്കുകയുണ്ടായി. വാളിനെ കണ്ട് പേടിച്ചിട്ടാണ് അയാൾ കലിമ ചൊല്ലിയതെന്ന് ആ സഹാബി പറഞ്ഞപ്പോൾ തിരുനബി(സ) ചോദിക്കുകയുണ്ടായി. "അദ്ദേഹം സ്വമനസ്സാലെയാണോ

അതോ വാളു കണ്ട് പേടിച്ചതു കൊണ്ടാണോ കലിമ ചൊല്ലിയതെന്നറിയാൻ താങ്കൾ അയാളുടെ ഹൃദയം പിളർത്തി നോക്കിയിരുന്നോ?"

ചുരുക്കത്തിൽ പാക്കിസ്ഥാനിൽ ക്രൂരത അതിന്റെ സീമകളെ അതിലംഘിച്ചിരിക്കുന്നു. കലിമ ചൊല്ലുന്നവർ അവിടെ മർദ്ദിക്കപ്പെടുന്നു. കലിമയുടെ പേരിലാണ് അവിടെ പീഢിപ്പിക്കപ്പെടുന്നത്. ഇന്ത്യോനേഷ്യയിലുള്ള മുല്ലാവർഗ്ഗവും പാക്കിസ്ഥാനി മുല്ലാക്കളെ പിൻപറ്റിക്കൊണ്ട് ജനങ്ങളെ അക്രമം ചെയ്യാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അവസരം ലഭിക്കുമ്പോഴെല്ലാം എതിരാളികൾ ജമാഅത്തിന് നഷ്ടം വരുത്താൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. എതിർപ്പിൽ ശത്രുക്കൾ വർദ്ധനവ് വരുത്തുന്നതനുസരിച്ച് അഹ്മദികളിൽ സ്ഥിരചിത്തതയും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് എന്നത് അല്ലാഹുവിന്റെ ഫള്‌ലാണ്.

ഞങ്ങളുടെ ഹൃദയങ്ങളിൽ ശക്തമായി വേരൂന്നിയിട്ടുള്ള യഥാർത്ഥ ഇസ്‌ലാമാണ് അഹ്മദിയ്യത്ത് എന്നത് ഞങ്ങളുടെ ശത്രുക്കൾ അറിയുന്നില്ല. ഞങ്ങളുടെ ശക്തമായ വിശ്വാസത്തിന്റെ വേരുകളെ ഒരു എതിർപ്പിനും ഒരു കൊടുങ്കാറ്റിനും തന്നെ ഞങ്ങളുടെ ഹൃദയത്തിൽ നിന്ന് പിഴുതെടുക്കാൻ കഴിയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇറങ്ങുന്നത് കണ്ടു കൊണ്ട് അഹ്മദികൾക്ക് തങ്ങളുടെ ദൈവത്തോടു ചെയ്തിട്ടുള്ള പ്രതിജ്ഞകളിൽ നിന്നും എങ്ങനെ മുഖം തിരിക്കാൻ സാധിക്കും? തിരുനബി(സ)യുടെ പ്രിയ പ്രേമിയുമായി തങ്ങളെ ബന്ധിപ്പിച്ചതിനു ശേഷം ആ ബന്ധത്തെ എങ്ങനെ അവർക്ക് മുറിച്ചു കളയാൻ സാധിക്കും? ഈ ബന്ധം അല്ലാഹുവും അവന്റെ റസൂലുമായുള്ള ബന്ധത്തിനെ ശക്തിപ്പെടുത്തുകയുണ്ടായി. അനഹ്മദികൾക്ക് അറിയാത്ത വിശ്വാസപരമായ വർദ്ധനവിനുള്ള മാർഗങ്ങൾ ഇത് ഞങ്ങൾക്ക് കാണിച്ചു തരികയുണ്ടായി.

അതിനാൽ ഈ എതിർപ്പിന്റെ കൊടുങ്കാറ്റ് ആഞ്ഞു വീശുന്നുണ്ടെങ്കിലും ഓരോ അഹ്മദിയും തങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതാണ്. സ്ഥിരചിത്തതയുടെ ഈ മാതൃക എപ്പോഴും പ്രകടിപ്പിക്കുക. വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും മുന്നേറിക്കൊണ്ടിരിക്കുക. സ്ഥിരചിത്തതക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. കാരണം സ്ഥിരചിത്തതയും അല്ലാഹുവിന്റെ ഫള്‌ലു മുഖേന മാത്രമേ ലഭിക്കുകയുള്ളൂ. അല്ലാഹുവിന്റെ അനുഗ്രഹത്തെ കരസ്ഥമാക്കാൻ അവന്റെ മുമ്പിൽ കുമ്പിടുകയും അവനോടുള്ള ആരാധനയുടെ തേട്ടം പൂർത്തിയാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

ഇതേ പോലെ സ്വന്തം പ്രവർത്തനത്തെ മെച്ചപ്പെടുത്തുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹുവിലേക്ക് കുമ്പിടുകയും തങ്ങളുടെ പ്രവർത്തനങ്ങളെ നന്നാക്കുകയും ചെയ്യുക എന്നത് മർദ്ദനം സഹിക്കുന്ന അഹ്മദികളുടെ മാത്രം ജോലിയല്ല. മറിച്ച് ഓരോ അഹ്മദിയും തന്റെ അവസ്ഥ പരിശോധിക്കേണ്ടിയിരിക്കുന്നു. സിങ്കപ്പൂരിലെ അഹ്മദികളും, ബർമ്മയിലെ അഹ്മദികളും, തായിലാന്റിലെ അഹ്മദികളും ലോക ത്തുള്ള എല്ലാ അഹ്മദികളും തങ്ങളുടെ വിശ്വാസത്തിന്റെ അവസ്ഥ പരിശോധിക്കുന്നില്ലെങ്കിൽ ഇതിൽ പുരോഗതി കൈവരില്ല. അഹ്മദിയ്യത്തിൽ മുന്നേറുന്നില്ലെങ്കിൽ അഹ്മദി ആയതു കൊണ്ട് ഒരു പ്രയോജനവും ഇല്ല. അതിനാൽ ഓരോ അഹ്മദിയും തന്റെ വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർദ്ധനവ് വരുത്തുന്നതിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഞാൻ മലേഷ്യയെ കുറിച്ച് പറഞ്ഞിരുന്നു. അവിടെയും എതിർപ്പുകളുണ്ട്. ഇടയ്ക്കിടയ്ക്ക് അവിടെയും ഇത് പൊങ്ങി വരാറുണ്ട്. എന്നാൽ ഇന്ത്യോനേഷ്യയുടേതു പോലുള്ള അവസ്ഥ അവിടെയില്ല. അവിടെ മുസ്‌ലിം സംഘടനകൾ വിവിധ സ്ഥലങ്ങളിൽ ഖാദിയാനികൾ മുസ്‌ലിംകളല്ലെന്നുള്ള ബോർഡ് എഴുതി വെച്ചിട്ടുള്ളതായി പറയപ്പെടുന്നു. ഇത് കണ്ടുകൊണ്ട് അത് വഴി നടന്നു പോകുന്ന അഹ്മദിയുടെ വികാരം വൃണപ്പെടുന്നു. വിവിധ സ്ഥലങ്ങളിൽ എഴുതി വെച്ചിരിക്കുന്ന ഈ ബോർഡുകൾ അഹ്മദിയുടെ ഹൃദയത്തെ വേദനിപ്പിക്കുന്നതാണ്. അഹ്മദികൾ നിയമം കയ്യിലെടുക്കാതെ എപ്പോഴും ക്ഷമ കൈകൊള്ളുകയാണ് ചെയ്യാറുള്ളത്.

അഹ്മദികൾ മുസ്‌ലീംകളാണെന്ന് അല്ലാഹു ശരിക്കും അറിയുന്നു. മറ്റു മുസ്‌ലീംകളേക്കാളും നല്ല മുസ്‌ലീംകളാണ് ഞങ്ങളെന്ന് ഞങ്ങളും അറിയുന്നു. ഞങ്ങളുടെ ഹൃദയം അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്താൽ നിറഞ്ഞിരിക്കുകയാണെന്നും ഞങ്ങൾ അറിയുന്നു. **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്** എന്ന് പറയുന്നവരെ കാഫിറെന്ന് പറയരുതെന്ന് തിരുനബി (സ) പറഞ്ഞിരുന്നു. കാരണം അവരെ കാഫിർ എന്ന് പറഞ്ഞാൽ അത് തിരിച്ച് നിങ്ങളിലേക്ക് വരുന്നതാണ്. **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നു പറയുന്നവരും മുസ്‌ലിമാണെന്ന് പറയുകയുണ്ടായി. വിശുദ്ധ ഖുർആൻ പറയുന്നത് നിങ്ങൾക്ക് സലാം പറയുന്നവരെ നിങ്ങൾ മുഅ്മിനല്ല എന്ന് പറയരുതെന്നാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനം ഇതാണ്. എന്നാലിവർ തങ്ങളുടേതായ ഒരു സ്വയംകൃത ഇസ്‌ലാം ഉണ്ടാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ കൽപനകളെയും അദ്ധ്യാപനങ്ങളെയും തങ്ങളുടെ താത്പര്യ സംരക്ഷണത്തിനായി വിനിയോഗിച്ചുകൊണ്ട് അന്യർക്ക് ഇവർ ഇസ്‌ലാമിനെ പരിഹസിക്കാനുള്ള അവസരം നൽകിയിരിക്കുകയാണ്.

മലേഷ്യയിലെ ജമാഅത്തിന്റെ സദ്ർ എന്നെ കണ്ടപ്പോൾ പറഞ്ഞത് ഇപ്പോഴും ബോർഡ് തൂക്കിയിട്ടിട്ടുണ്ടെങ്കിലും ജനങ്ങൾ അത് ഗൗനിക്കുന്നില്ല എന്നാണ്. മുല്ലാക്കളുടെ വ്യക്തി താത്പര്യങ്ങളെ സംരക്ഷിക്കാനാണ് ഇവ്വിധ പ്രവർത്തികൾ ചെയ്യുന്നതെന്ന് അന്യരിലുള്ള മാന്യർക്കും മനസ്സിലായി ക്കഴിഞ്ഞിരിക്കുന്നു. ഇവർ ഇങ്ങനെ ഇസ്‌ലാമിനെ മറ്റുള്ളവരുടെ മുമ്പിൽ പരിഹാസത്തിന് പാത്രമാക്കിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിനെ വിശുദ്ധ ഖുർആനെതിരിൽ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് വളച്ചൊടിക്കാനാണ് ഇവർ ആഗ്രഹിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെയും റസൂലിന്റെയും അദ്ധ്യാപനങ്ങൾ ഉൾക്കൊള്ളുന്നതാണ് യഥാർത്ഥ ഇസ്‌ലാം.

കുറച്ച് മുമ്പ് മലേഷ്യയിലെ ഒരു പാതിരി പറയുകയുണ്ടായി: 'ക്രിസ്ത്യാനികൾ അല്ലാഹു എന്ന വാക്ക് ഉപയോഗിക്കുകയാണെങ്കിൽ അതുകൊണ്ട് ഒരു തെറ്റുമില്ല. അല്ലാഹു ഞങ്ങളുടേതുമാണ്.' ഇതിനെതിരിൽ നാമധാരികളായ മുല്ലാവർഗ്ഗം ഒച്ച വെക്കുകയുണ്ടായി; പാതിരിക്ക് ഇത് പറയാൻ എവിടെ നിന്ന് ധൈര്യം വന്നെന്നവർ ചോദിച്ചു. കോടതിയിൽ ഈ വിഷയം വന്നു, കേസ്സായി. അവിടത്തെ കോടതിയുടെ അവസ്ഥ നോക്കുക. നീതിപീഠം വിധി കേൾപ്പിച്ചത് അല്ലാഹു എന്നത് മുസ്‌ലീംകൾക്ക് മാത്രമേ ഉപയോഗിക്കാൻ പറ്റുകയുള്ളൂ എന്നാണ്. എന്റേതുമാണ് അല്ലാഹു എന്ന് മറ്റൊരാൾക്കും പറയാൻ അവകാശമില്ല എന്നാണ് വിധി. ചുരുക്കത്തിൽ ഈ ഭൗതികർ

അല്ലാഹുവിന്റെ പേരിനെ പോലും പരിമിതപ്പെടുത്തുകയാ ണ്. ഇവർ മനസ്സിലാക്കുന്നത് അല്ലാഹു എന്ന പേര് മുസ്‌ലീംകളുടെ മാത്രം കുത്തകയാണെന്നാണ്. ജാഹിലീങ്ങളായ മുല്ലാവർഗ്ഗം ഇവ്വിധം വിഡ്ഢിത്തം പറയുന്നതിൽ വിഷമമില്ല. എന്നാൽ ഇങ്ങനെ വിധി പുറപ്പെടുവിക്കുന്ന വിദ്യാസമ്പന്നരായ ആളുകളെ ഓർത്താണ് ഏറെ സങ്കടം. ഇവർ യഥാർത്ഥത്തിൽ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുകയാണ് ചെയ്യുന്നത്.

അല്ലാഹു പറയുന്നത്: اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۙ എന്നാണ്. അല്ലാഹു എല്ലാവരുടെയും നാഥനാണ്. മുസ്‌ലിമായാലും അമുസ്‌ലിമായാലും ശരി. അല്ലാഹു പറയുന്നു.

الرِّزْقَ لِمَنْ يَّشَآءُ

ആർക്കാണോ ഉദ്ദേശിക്കുന്നത് അല്ലാഹു അവർക്ക് വിഭവങ്ങളെ വിപുലമായി നൽകുന്നു. ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും മറ്റുള്ളവർക്കും മറ്റു വല്ലവരുമാണോ റിസ്ഖ് നൽകുന്നത്? ഇവരുടെ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ക്രിസ്ത്യാനി അല്ലാഹു എനിക്ക് റിസ്ഖ് നൽകുന്നു എന്ന് പറഞ്ഞാൽ മാപ്പർഹിക്കാത്ത വലിയ കുറ്റമായി ത്തീരുന്നതാണ്. മുൻ പ്രവാചകൻ മുഖേന ഇപ്രകാരം പറഞ്ഞതായും വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

اللّٰهَ رَبَّكُمْ وَرَبَّ اٰبَآئِكُمُ الْاَوَّلِيْنَ ۝١٢٧ അല്ലാഹു നിങ്ങളുടെയും നിങ്ങളുടെ പൂർവ്വികരുടെയും നാഥനാണ്. അതിനാൽ അല്ലാഹുവിൽ മുസ്‌ലീംകൾക്ക് എവിടെ നിന്നാണ് കുത്തകാവകാശം ലഭിച്ചത്. തുടർന്ന് അല്ലാഹു ഗ്രന്ഥാനുസാരികളോട് പറയുന്നു. ഈ ക്രിസ്ത്യാനികളെ കുറിച്ചാണ് മലേഷ്യയിലെ കോടതി പറഞ്ഞത് അല്ലാഹു എന്ന വാക്ക് അവർക്ക് ഉപയോഗിക്കാൻ പറ്റില്ല എന്ന്. അല്ലാഹു പറയുന്നു.

قُلْ يٰٓاَهْلَ الْكِتٰبِ تَعَالَوْا اِلٰى كَلِمَةٍ سَوَآءٍ بَيْنَنَا وَبَيْنَكُمْ اَلَّا نَعْبُدَ اِلَّا اللّٰهَ

'ഗ്രന്ഥാനുസാരികളെ ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ യോജിപ്പുള്ള ഒരു വചനത്തിലേക്ക് നിങ്ങൾ വരിക. നാം അല്ലാഹുവിനെയല്ലാതെ ആരെയും ആരാധിക്കുകയില്ല.' ഇരു കൂട്ടരും സന്ധിക്കുന്ന ഒന്ന് അല്ലാഹു എന്ന അസ്തിത്വത്തിലാണ്. മുസ്‌ലീംകളും ക്രിസ്ത്യാനികളും യോജിക്കുന്നത് അല്ലാഹു എന്ന പദത്തിലാണ്. മുസ്‌ലീംകൾക്ക് അല്ലാഹു എന്ന് പറയാൻ അവകാശമുള്ളതു പോലെ ക്രിസ്ത്യാനികൾക്കും അല്ലാഹു എന്ന് പറയാനുള്ള് അവകാശമുണ്ട്. ഇതേ പോലെ ആർക്കും അല്ലാഹു എന്ന് പറയാനുള്ള അവകാശമുണ്ട്. ചില അഹ്മദികൾ ഇതിനെകുറിച്ച് ചോദിക്കുന്നതു കൊണ്ടാണ് ഞാൻ ഈ ഉദാഹരണങ്ങൾ നൽകിയിട്ടുള്ളത്. വിശുദ്ധഖുർആൻ ഇങ്ങനെയുള്ള ഉദാഹരണങ്ങളാൽ നിറഞ്ഞു കിടക്കുകയാണ്. അവിടെ അല്ലാഹു ഞാൻ എല്ലാവരുടെയും അല്ലാഹുവാണെന്ന് പറയുന്നു. ഏതെങ്കിലും വ്യക്തിയുടെയോ ഏതെങ്കിലും കക്ഷികളുടെയോ ഏതെങ്കിലും മതത്തിന്റെയോ ഏതെങ്കിലും ഭരണകൂടത്തിന്റെയോ ഏതെങ്കിലും കോടതിയുടെയോ കുത്തകയല്ല അല്ലാഹു എന്നത്. അല്ലാഹു ഒരു ട്രേഡ്മാർക്കല്ല. അവൻ റബ്ബുൽ ആലമീനാണ്. യഥാർത്ഥ ഇസ്‌ലാമിക അദ്ധ്യാപനം എന്താണെന്ന് ഇന്ന് അഹ്മദികൾക്ക് മാത്രമേ ലോകത്തിന് നൽകാൻ കഴിയുകയുള്ളൂ. അല്ലാഹുവിന്റെ അസ്തിത്വവും അവന്റെ സ്ഥാനവും എന്താണെന്നും പറയാൻ കഴിയുകയുള്ളൂ. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ യാഥാർത്ഥ്യം എന്താണെന്നും അവർക്ക് പറഞ്ഞുകൊടുക്കാൻ കഴിയുകയുള്ളൂ. അനഹ്മദീ മുസ്‌ലീംകൾ അന്യർക്ക് പരിഹസിക്കാനുള്ള ഒന്നാക്കി ഇസ്‌ലാമിനെ മാറ്റിയിരിക്കുകയാണെന്ന് പറയുകയുണ്ടായി.

ഏതായിരുന്നാലും യുക്തിബോധത്തോടു കൂടി തങ്ങളുടെ നാട്ടുകാർക്ക് ഇസ്‌ലാമിന്റെ അദ്ധ്യാപനം പറഞ്ഞു കൊടുക്കേണ്ടത് മലേഷ്യയിലെ അഹ്മദികളുടെ കടമയാണ്. ഈ നാമധാരികളായ പണ്ഡിതവർഗ്ഗത്തിന്റെ പിന്നാലെ പോയി ഇസ്‌ലാമിന്റെ സുന്ദര മുഖത്തെ വികൃതമാക്കുന്നതിന് കൂട്ടു നിൽക്കുന്നത് എന്തിനാണെന്ന് അവരോട് ചോദിക്കുക. ഇവരുടെ അജ്ഞതയുടെ മറയെ അല്ലാഹു ഇവരിൽ നിന്നും അകറ്റുമാറാകട്ടെ.

ഞാൻ ഇന്തോനേഷ്യയെയും മലേഷ്യയെയും കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഞങ്ങളുടെ നാട്ടിൽ വന്നിട്ട് മറ്റുള്ളവരെ കുറിച്ചാണല്ലോ പറയുന്നത് എന്നൊരു പക്ഷേ സിങ്കപ്പൂർ അഹ്മദികൾ ചിന്തിച്ചേക്കാം.

വിശ്വാസികൾ ഒരു ശരീരം പോലെയാണെന്ന കാര്യമാണ് ആദ്യമായി എല്ലാ അഹ്മദികളും മനസ്സിലാക്കേണ്ടത്. ഒരാൾക്ക് പ്രയാസം നേരിട്ടാൽ അത് എല്ലാവർക്കും പ്രയാസമായിരിക്കും.അതിനാൽ പ്രയാസങ്ങൾ സഹിക്കുന്ന നാട്ടിലെ അഹ്മദികളുടെ പ്രയാസം ലോകത്തുള്ള എല്ലാ അഹ്മദികളും മനസ്സിലാക്കേണ്ടതാണ്.

സിങ്കപ്പൂരിലെ അഹ്മദികളോട് എനിക്ക് പറയാനുള്ളത് ഇവിടത്തെ അവസ്ഥ വളരെ നല്ലതാണ്. ഭരണകൂടം ഏതു മതത്തിനെതിരിലും വല്ലതും പറയാൻ ആർക്കും അനുവാദം നൽകുന്നില്ല. എന്നാൽ തങ്ങളുടെ മതത്തിന്റെ ഗുണങ്ങളെ എടുത്തു പറയുന്നതിനെ തടയുന്നുമില്ല. അതിനാൽ വിവേകത്തോടുകൂടി തബ്‌ലീഗ് മൈതാനം വിശാലമാക്കാൻ ശ്രമിക്കുക. എല്ലാ വിഭാഗങ്ങളിലും അഹ്മദിയ്യത്തിന്റെ അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുക.

എന്റെ മുമ്പിൽ ഇവിടെ ഇരിക്കുന്ന അഹ്മദികൾ, അവർ സിങ്കപ്പൂരിലുള്ളവരായാലും മറ്റേതു നാട്ടിലുള്ളവരായാലും നമ്മുടെ അവസ്ഥ നല്ലതായാലും മോശമായാലും അഹ്മദീ മുസ്‌ലിംകളായ നാം ഇസ്‌ലാമിന്റെ മനോഹരമുഖം ലോകത്തിന് കാണിച്ചു കൊടുക്കേണ്ടതാണ്. തിരുനബി (സ) യുടെ പവിത്ര ജീവിതത്തിലെ പവിത്ര മാതൃകയും ലോകസമക്ഷം സമർപ്പിക്കേണ്ടതാണ്. തിരുനബി (സ) യുടെ ജീവിതത്തിലെ ഏതു വശമെടുത്ത് നോക്കിയാലും അതെല്ലാം തന്നെ ഒരു യഥാർത്ഥ മുസ്‌ലിമിന് അതിൽ ഉത്തമമായ മാതൃകയുണ്ടെന്ന് അല്ലാഹു പറയുന്നു. ഗാർഹിക കാര്യങ്ങളാണെങ്കിലും സമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങളാണെങ്കിലും അന്യരോടുള്ള പെരുമാറ്റത്തിന്റെ കാര്യത്തിലാണെങ്കിലും അന്യ സമുഹത്തോടോ മറ്റു നാടുകളോടോ ഉള്ള പെരുമാറ്റമായാലും ശരി തിരുനബി (സ) നമുക്ക് സമ്പൂർണ്ണ മാതൃകയാണ്. അതിനാൽ അന്യരുടെ മുമ്പാകെ തിരുചര്യകൾ വിവരിക്കേണ്ടിവരുന്നതിനാൽ അതനുസരിച്ച് നാമും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ ജീവിത മാതൃകയിലൂടെ അന്യരെ ഇസ്‌ലാമിലേക്ക് നിങ്ങൾ വലിച്ചടുപ്പിക്കുക. സർവ്വ ലോകർക്കും കാരുണ്യവാനായ പ്രവാചകന്റെ തിരുമുഖം ജനങ്ങൾക്ക് കാണിച്ചു കൊടുക്കേണ്ടതു കൊണ്ട് നിങ്ങൾക്കും എല്ലാ തലത്തിലും സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സൗ

ഹാർദ്ദത്തിന്റെയും മാതൃകകൾ പ്രകടിപ്പിക്കേണ്ടതായി വരും. വിശുദ്ധ ഖുർആന്റെ യഥാർത്ഥ അദ്ധ്യാപനത്തെ ലോകത്ത് പ്രദർശിപ്പിക്കണം. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം മനസ്സിലാക്കണമെങ്കിൽ അല്ലാഹു ഇക്കാലത്ത് നിയോഗിച്ച തന്റെ വരിഷ്ട ദാസനുമായി, തിരുനബി(സ)യുടെ പ്രിയ പ്രേമിയുമായി തങ്ങളെ ബന്ധപ്പെടുത്തിയാൽ മാത്രമേ ഇതിനു യഥാർത്ഥ ജ്ഞാനം കരസ്ഥമാകുകയുള്ളൂ എന്ന് ലോകത്തോട് വിളിച്ചു പറയണം. കാലഘട്ടത്തിലെ ഇമാമുമായി നിങ്ങളെ ബന്ധപ്പെടുത്തുന്നില്ലെങ്കിൽ പരസ്പരം കുഫ്റ് ഫത്വ പുറപ്പെടുവിക്കുക മാത്രമായിരിക്കും ചെയ്യുക. മറ്റുള്ളവരെ ഇസ്‌ലാമുമായി അടുപ്പിക്കുന്നതിനു പകരം ഇസ്‌ലാമിൽ നിന്നും അകറ്റുക മാത്രമായിരിക്കും നിങ്ങൾ ചെയ്യുക.

അതിനാൽ ഓരോ അഹ്മദിയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരായിത്തീരണം. അവൻ നമുക്ക് തിരുനബി(സ)യുടെ പ്രവചനപ്രകാരം വന്ന വാഗ്ദത്ത മഹ്ദീ മസീഹിനെ വിശ്വസിക്കാനുള്ള സൗഭാഗ്യം നൽകുകയുണ്ടായി. എന്നാൽ ഈ കൃതജ്ഞത എങ്ങനെ പ്രകടിപ്പിക്കും? ഈ കൃതജ്ഞതാ പ്രകടനത്തിനായി നമ്മുടെ ആഗ്രഹങ്ങളെ യഥാർത്ഥ ഇസ്‌ലാമിക അദ്ധ്യാപനമനുസരിച്ച് ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു. നമ്മുടെ വികാരങ്ങളെ ത്യജിക്കേണ്ടതായി വരും. യഥാർത്ഥ അദ്ധ്യാപനം മനസ്സിലാക്കുന്നതിനായി കഠിനപ്രയത്നം ചെയ്യേണ്ടതായി വരും. ഇക്കാര്യത്തിലേക്ക് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പറയാൻ കുറേ കാര്യങ്ങളുണ്ട്. എന്നാൽ എല്ലാം വിവരിക്കാൻ ഇവിടെ സമയമില്ല. ദൂരം വളരെ കൂടുതലാണെങ്കിൽ തന്നെയും ഇക്കാലത്ത് എം.ടി.എ എന്ന സംവിധാനം ഖിലാഫത്തിനെയും ജമാഅത്തിനെയും തമ്മിൽ ബന്ധിപ്പിച്ചിരിക്കുക യാണ്. അതിനാൽ എന്റെ ഖുത്ബകളെയും മറ്റു പ്രോഗ്രാ മുകളെയും നിർബന്ധമായും കേൾക്കുക. ഞാൻ ഒരു അവലോകനം നടത്തിയതിൽ നിന്ന് മനസ്സിലായത് ചില ഭാരവാഹികൾ പോലും കൃത്യമായി ഖുത്ബകൾ കേൾക്കുന്നില്ലെന്നാണ്. അവസരത്തിനനുസരിച്ച് ഖുത്ബകൾ നൽകാനാണ് ഞാൻ ശ്രമിച്ചു വരുന്നത്. അതിനാൽ ഇതുമായി നിങ്ങളെ ബന്ധപ്പെടുത്തുക. എന്നാൽ മാത്രമേ അഹ്മദിയ്യത്തിന്റെ അധ്യാപനത്തിലുള്ള ഐക്യം ലോകത്തിന് മനസ്സിലാകുകയുള്ളൂ.

അവസാനമായി ഹ:മസീഹ് മൗഊദ്(അ) ന്റെ ചില ഉപദേശങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കുകയാണ്. തന്റെ ജമാഅത്തിനെ ഏതൊരു ഉന്നത സ്ഥാനത്താണ് ആ മഹാത്മാവ് കാണാൻ ഉദ്ദേശിച്ചത് എന്ന് ഇതിൽ നിന്നും മനസ്സിലാകുന്നതാണ്. ആ മഹാത്മാവ് പറയുന്നു. "ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണെന്നുള്ള ഏറ്റു പറയലിനെ എപ്പോഴും പരിശോധന വിധേയമാക്കേണ്ടതാണ്. ഇതനുസരിച്ച് തങ്ങളുടെ പ്രവർത്തനജീവിതത്തിലെ ഉത്തമ മാതൃക പ്രകടമാക്കുക."

പറയുന്നു: "അല്ലാഹുവിന്റെ സഹായം ലഭിക്കുന്നത് നന്മയിൽ എപ്പോഴും മുന്നേറുന്നവർക്കാണ്. അവർ ഒരു സ്ഥലത്ത് നിന്നും പോവുകയില്ല. അങ്ങനെയുള്ളവരുടെ പര്യവസാനമാണ് നന്നായിത്തീരുക.

പറയുന്നു: അല്ലാഹു വിശുദ്ധ ഖുർആൻ നമുക്ക് اَصۡلِحۡ لِیۡ فِیۡ ذُرِّیَّتِیۡ എന്ന പ്രാർത്ഥന പഠിപ്പിച്ചിട്ടുണ്ട്. എന്റെ ഭാര്യ മക്കളേയും നീ സംസ്ക്കരിക്കേണമേ.

നിങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതോടൊപ്പം തങ്ങളുടെ ഭാര്യ മക്കൾക്കായും പ്രാർത്ഥിച്ചു കൊണ്ടിരിക്കേണ്ടതാണ്. കാരണം മക്കൾ മുഖേന പല കുഴപ്പങ്ങളും മനുഷ്യനിൽ വരാറുണ്ട്. പലതും ഭാര്യമാർ മുഖേനയും."

പറയുന്നു: "നിങ്ങളുടെ പ്രവർത്തി നിങ്ങൾ അഹ്മദി ആണെന്നതിന് സാക്ഷ്യം വഹിക്കണം. നമ്മുടെ ജമാഅത്ത് ഓർത്തിരിക്കേണ്ട ഒരു കാര്യം ഇതാണ്. അല്ലാഹുവിനെ ഒരവസ്ഥയിലും മറന്നു കളയരുത്. എപ്പോഴും അവനോട് തന്നെ സഹായം തേടിക്കൊണ്ടിരിക്കേണ്ടതാണ്. അവനില്ലാതെ മനുഷ്യൻ ഒന്നും തന്നെയല്ല."

അതിനാൽ നാമോരുരുത്തരും ഒരാത്മ പരിശോധന നടത്തേണ്ടതാണ്. നമ്മിൽ എത്ര മാത്രം പരിശുദ്ധ മാറ്റമുണ്ടായിട്ടുണ്ടെന്ന് നോക്കണം. നമ്മുടെ മക്കളെ നാം എത്ര കണ്ട് ജമാഅത്തുമായി ബന്ധപ്പെടുത്താൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നുണ്ട്? വിശുദ്ധ ഖുർആനനുസരിച്ച് നാം എത്രമാത്രം പ്രവർത്തിക്കുന്നുണ്ട്? മറ്റുള്ളവർ നമ്മേ കണ്ട്കൊണ്ട് നമ്മേക്കാളും നല്ല മുസ്‌ലീംകൾ ഇവർ തന്നെയാണെന്ന് പറയുന്ന രീതിയിലുള്ള പ്രവർത്തനമായിരിക്കണം നമ്മുടേതാണ്. ഇസ്‌ലാമിന്റെ എതിരാളികൾ നമ്മുടെ ജീവിതം കണ്ട് ഇസ്‌ലാമിലേക്ക് ആകൃഷ്ടരാകുന്ന തരത്തിലാണോ നമ്മുടെ പ്രവർത്തനങ്ങൾ? ഈ സ്ഥാനം നാം കരസ്ഥമാക്കിക്കഴിഞ്ഞാൽ, ഇത് നമ്മേ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് കാരണമാകുന്നതോടൊപ്പം അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും കാരണമായി ത്തീരുന്നതാണ്. ജമാഅത്തിനെതിരെയുള്ള എതിർപ്പുകൾ കാറ്റിൽ പറത്തപ്പെടുന്നതാണ്.

അല്ലാഹു നിങ്ങൾക്കെല്ലാവർക്കും എനിക്കും വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും പുരോഗതി കൈവരിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. എപ്പോഴും നിങ്ങളെ എല്ലാവരെയും അവന്റെ സംരക്ഷണത്തിൽ വെക്കട്ടെ. ശത്രുക്കളുടെ എല്ലാ പദ്ധതിയും തകർത്തുകളയട്ടെ.


From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

# PRINTED BOOKS

**To**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 September 27 at : Singapore
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**